# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 407 **26/06/2014** ൽ മറുപടിക്ക്

പാഠ്യപദ്ധതി പരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ട്

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മമ്മൂട്ടി<br>,, എം. ഉമ്മർ<br>,, പി.ബി. അബ്ദുൾ റസാക് | | |
| എ) | പാഠ്യപദ്ധതി പരിഷ്ക്കരണ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | എ) | സ്ക്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണത്തിനായി സർക്കാർ നിയോഗിച്ച വിദഗ്ധസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രധാന ശുപാർശകളുടെ വിവരം വെളിപ്പെടുത്തുമോ; | ബി) | പ്രധാന ശുപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | കൃഷിവിജ്ഞാനം, പൗരബോധം, സംസ്ക്കാരം എന്നിവയ്ക്കുകൂടി പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ ? | സി) | കൃഷിവിജ്ഞാനം, പൗരബോധം, സംസ്ക്കാരം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകിയാണ് സിലബസും പാഠപുസ്തകങ്ങളും തയ്യാറാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

പാഠ്യപദ്ധതി പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രധാന ശുപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീപ്രൈമറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക.

2. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ആവശ്യമായ പാഠ്യപദ്ധതിയും പഠനബോധന വസ്തുക്കളും തയ്യാറാക്കുക.

3. കഴിയുന്നതും മാതൃഭാഷ തന്നെ പഠന മാധ്യമമാക്കി മാറ്റേണ്ടതാണ്.

4. ആരോഗ്യ കായിക വിദ്യാഭ്യാസവും കലാവിദ്യാഭ്യാസവും നിർബന്ധ പഠനവിഷയമാക്കേണ്ടതാണ്.

5.നൂതനമായ മനഃശാസ്ത്ര ബോധനശാസ്ത്ര തത്വങ്ങളെ അടിസ്ഥാനമായി സമഗ്രമായ പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടതാണ്.

6.വിവരവിനിമയ സാങ്കേതിക വിദ്യ ഒരു വിഷയമെന്നതിലുപരി വിവിധ വിഷയങ്ങളുമായി സമന്വയിപ്പിച്ച് നടപ്പാക്കേണ്ടതാണ്.

7.പഠനഫലങ്ങളുടേയും പഠനനേട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പാഠ്യപദ്ധതി തയ്യാറാക്കേണ്ടതാണ്.

8.ഓരോ ഘട്ടത്തിലും പഠിതാവ് എത്തിച്ചേരേണ്ട ശേഷികൾ ഉറപ്പാക്കേണ്ടതാണ്. പഠന ഫലങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തൽ പ്രക്രിയ നടത്തേണ്ടതാണ്.

9.ക്ലാസ് 5,8 എന്നിവയ്ക്കുശേഷം ഒരു പൊതുപരീക്ഷ നടത്താവുന്നതാണ്. ജ്ഞാന നിർമ്മാണത്തിനുതകുന്ന തരത്തിൽ പാഠ പുസ്തകങ്ങളും പാഠ്യവസ്തുക്കളും സമഗ്രമായി തയ്യാറാക്കേണ്ടതാണ്. ദേശീയ വിദ്യാഭ്യാസ ചട്ടക്കൂടിനനുസൃതമായി ഇവ തയ്യാറാക്കേണ്ടതാണ്.

10. ഒന്നു മുതൽ നാലു വരെ ക്ലാസുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ടതാണ്. ലബോറട്ടറി മാനുവലുകൾ ഭാഷാപരിശീലനത്തിനാവശ്യമായ പുസ്തകങ്ങൾ എന്നിവ തയ്യാറാക്കേണ്ടതാണ്. അധ്യാപകർക്ക് ക്ലാസ്റൂം വിനിമയം സുഗമമാക്കുന്നതിന് റിസോഴ്സ് ബുക്കുകൾ നൽകാവുന്നതാണ്.

11.പാഠപുസ്തകങ്ങളുടെ ഇ-വെർഷൻ തയ്യാറാക്കാവുന്നതാണ്.

12.അധ്യാപക പരിശീലന പരിപാടികൾ ശക്തമാക്കേണ്ടതാണ്. അധ്യാപകർ പരിപാലിക്കേണ്ട തൊഴിൽപരമായ മൂല്യങ്ങളും മനോഭാവങ്ങളും ഉത്തരവാദിത്വങ്ങളും പരിശീലനങ്ങളിലൂടെ ബോധ്യപ്പെടുത്തേണ്ടതാണ്.

13.അധ്യാപകരുടെ തൊഴിൽപരമായ ഉന്നതിക്കു വേണ്ടിയുള്ള പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

14.സ്പെഷ്യൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ഫിഷറീസ് സ്കൂളുകൾ എന്നിവയിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കേണ്ടതാണ്.